നടത്തുകയും ഭാഗ്യക്കുറി ഡയറക്ടർക്കെതിരേ നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നു.*

(സി)

(ഡി) ഇല്ല. കമ്മീഷൻ നൽകുന്നതു സംബന്ധിച്ച് 7.6.99 പുതിയ ഉത്തരവ് ഇറക്കിയിട്ടുണ്ട്.

(ഇ) സ്ലാബ് റേറ്റില്ലാതെ മുഴുവൻ ടിക്കറ്റിനും ഉയർന്ന നിരക്കിൽ കമ്മീഷൻ നൽകണമെന്ന് 25.3.1998-ൽ ലോട്ടറി വകുപ്പ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

(എഫ്) വിവരം ശേഖരിച്ചുവരുന്നു.

32 (1764) ഭാഗ്യക്കുറി ഏജന്റുമാർക്ക് നൽകുന്ന കമ്മീഷൻ

<u>ശ്രീ. പാലോട് രവി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനഭാഗ്യക്കുറി ഏജന്റുമാർക്ക് കമ്മീഷൻ നൽകുമ്പോൾ ടിക്കറ്റിന്റെ എണ്ണത്തെ സ്ലാബ് കളായി തിരിച്ച് മാത്രമോ കമ്മീഷൻ നൽകാവൂ എന്നും മുഴുവൻ ടിക്കറ്റിന് കമ്മീഷൻ നൽകിയതുവഴിയുണ്ടായ നഷ്ടം കണക്കാക്കി ഗവൺമെന്റിനെ അറിയിക്കാനും 19/11/1997 ന് ഭാഗ്യക്കുറി വകുപ്പിന് സർക്കാർ നിർദ്ദേശം നൽകിയിരുന്നോ; ഈ ഉത്തരവ് ലോട്ടറി വകുപ്പ് നടപ്പാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ എന്നു മുതൽ;

(സി) ഇതു പ്രകാരം നഷ്ടം കണക്കാക്കിയിട്ടുണ്ടെങ്കിൽ അത് എന്ത് തുക വരുമെന്ന് വെളിപ്പെടുത്തുമോ;

(ഡി) നിശ്ചിത സ്ലാബ് റേറ്റിൽ മാത്രമേ കമ്മീഷൻ നൽകാവൂ എന്ന് അക്കൗണ്ടന്റ് ജനറൽ സർക്കാരിനെ അറിയിച്ചിരുന്നോ; എങ്കിൽ എന്താണ് അറിയിച്ചത്;

(ഇ) മുഴുവൻ പർച്ചേസിനും കമ്മീഷൻ നൽകാൻ 17/3/1993-ൽ സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ടോ;

(എഫ്) എങ്കിൽ ഇതിനെക്കുറിച്ച് അന്വേഷിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; അന്വേഷണം റിപ്പോർട്ട് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) നൽകിയിരുന്നു. ഈ ഉത്തരവിന്റെ വെളിച്ചത്തിൽ ഭാഗ്യക്കുറി ഡയറ്കടർ എല്ലാ ജില്ലാ ഓഫീസർമാർക്കും സർക്കുലർ അയച്ചിരിക്കുന്നു.

(ബി) 28/11/1997 - ൽ

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) കമ്മീഷൻ നൽകുന്ന രീതിയിൽ ചില പോരായ്മകൾ ഉള്ളതായി അക്കൗണ്ടന്റ് ജനറൽ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പുന: പരിശോധിക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. 30/10/1996 -ൽ ആണ് അറിയിച്ചത്.

(ഇ) ഉണ്ട്.

(എഫ്) ഇല്ല.

33 (1765) ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പ്രവർത്തനം

<u>ശ്രീമതി റോസമ്മ ചാക്കോ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1998-99 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പ്രവർത്തനം സംബന്ധിച്ച് ടെന്റേറ്റീവ് പ്രോഗ്രാം നിശ്ചയിക്കുന്നതിനെ സംബന്ധിച്ച് 23.2.1998-ൽ വകുപ്പ് ഡയറക്ടർ സബ് ഓഫീസുകൾക്ക് നൽകിയ നിർദ്ദേശത്തിൽ എന്തെക്കെയാണ് പറഞ്ഞിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത കത്തിന്റെയും അനുബന്ധത്തിന്റെയും പകർപ്പുകൾ മേശപ്പുറത്ത് വയ്ക്കുമോ;

(ബി) 1999-2000 വർഷത്തേക്കുള്ള ടെന്റേറ്റീവ് പ്രോഗ്രാം നിശ്ചയിക്കുന്നത് സംബന്ധിച്ച് സബ് ഓഫീസുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; പ്രസ്തുത കത്തിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ;

(സി) പ്രസ്തുത നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളത് കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് മാന്വലിന്റെ വ്യവസ്ഥകളനുസരിച്ചാണോ; അല്ലെങ്കിൽ ഏത് ഡിപ്പാർട്ട്മെന്റിൽ മാന്വലിലെ വ്യവസ്ഥ പ്രകാരമാണ് ഇപ്രകാരം ചെയ്തത് എന്ന് വിശദീകരിക്കുമോ;

(ഡി) കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് മാന്വലിന് സർക്കാർ ഔദ്യോഗികമായി അംഗീകാരം നൽകിയതെന്നാണ് എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വകുപ്പിനുകീഴിൽ നിക്ഷിപ്തമായ സ്ഥാപനങ്ങളുടെ ഓഡിറ്റ് കാര്യക്ഷമമായി നടത്തുന്നതിനും, റിപ്പോർട്ടുകൾ പുറപ്പെടുവിക്കുന്നതിനും വേണ്ടി ഓരോ വർഷവും തൊട്ടടുത്ത സാമ്പത്തികവർഷം ചെയ്തു തീർക്കുവാനുള്ള ജോലിയുടെ തോതും അതിനുവേണ്ടുന്ന മനുഷ്യദിനങ്ങളും കണക്കിലെടുത്ത് തയ്യാറാക്കുന്ന ടെന്റേറ്റീവ് പ്രോഗ്രാമിലെ അപാകതകൾ ചൂണ്ടിക്കാട്ടി പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിച്ചാണ് ഡയറക്ടർ അംഗീകരിക്കുന്നത്. ഇതിനായി സബ് ഓഫീസുകൾക്ക് നൽകിയ 23.2.1998 -ലെ കത്തിന്റെ പകർപ്പ് സമർപ്പിക്കുന്നു.

(ബി) ഉണ്ട്. കത്തിന്റെ പകർപ്പ് സമർപ്പിക്കുന്നു.†

(സി) ടെന്റേറ്റീവ് പ്രോഗ്രാം തയ്യാറാക്കുന്നത് കേരള പഞ്ചായത്ത് ആക്ട്, കേരള മുൻസിപ്പാലിറ്റീസ് ആക്ട്, ലോക്കൽ ഫണ്ട് ആക്ട് കൂടാതെ വകുപ്പിൻ ഓഡിറ്റ് നിക്ഷിപ്തമായ മറ്റ് സ്ഥാപനങ്ങളുടെ ആക്ട്, ബൈലോകൾ, മറ്റ് റൂളുകൾ എന്നിവയ്ക്കനുസൃതമായാണ്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly